**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5130 27.06.2019 ൽ മറുപടിക്ക്

## ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളുടെയും പൂർത്തീകരണം

| ചോദ്യം<br>ഡോ.എം. കെ. മുനീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | രണ്ടാംഘട്ട ആർദ്രം പദ്ധതി എപ്പോഴാണ് ആരംഭിക്കുന്നതെന്നും അതിൽ എത്ര ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ഘട്ടം എപ്പോഴാണ് പൂർത്തീകരിക്കുന്നതെന്നും അറിയിക്കാമോ; | (എ) | സമഗ്രവും അടിസ്ഥാനപരവുമായ പരിഷ്കാരങ്ങളാണ് ആരോഗ്യ മേഖലയിൽ ഈ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ തെരെഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചു വരികയാണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ഇതു കൂടാതെ മിനിമം അംഗീകൃത നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഒരു ജില്ലയിൽ രണ്ടു വീതം സംസ്ഥാനത്തെ 28 താലൂക്ക് ആശുപത്രികളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇവയ്ക്കു പുറമേ 7 ജില്ലാതല ആശുപത്രികളേയും ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. ഗ്യാപ് അനാലിസിസ് നടത്തി തസ്തിക പുനഃക്രമീകരണം നടത്തുന്നതിനുള്ള പ്രവർത്തികളും നടന്നു വരുന്നു. ആർദ്രം പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ആർദ്രം പദ്ധതിയുടെ പരിധിയിൽകൊണ്ടുവരിക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | രണ്ടാംഘട്ട പദ്ധതിയിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ട്; ഇതിൽ എത്ര ഫാർമസിസ്റ്റ് തസ്തികകൾ ഉണ്ട്; വ്യക്തമാക്കാമോ: | (ബി)<br>&<br>(സി) | ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകൾ എല്ലാം തന്നെ സ്ഥിരം തസ്തികകൾ ആണ്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തസ്തികകൾ സൃഷ്ടിക്കുന്ന പ്രപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രസ്തുത വിഭാഗങ്ങളിൽ താഴെപറയുന്ന എണ്ണം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. സ്റ്റാഫ് നഴ്സ് -537<br>2. ഫാർമസിസ്റ്റ് - 180<br>3. ലാബ് ടെക്നീഷ്യൻ - 254<br>4. ഒപ്റ്റോമെട്രിസ്റ്റ് - 7 |
| (സി) | പദ്ധതി പ്രകാരം പുതുതായി സൃഷ്ടിച്ച തസ്തികകളിൽ നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ഒപ്റ്റോമെട്രിസ്റ്റ് എന്നിവ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എണ്ണം ലഭ്യമാക്കുമോ; | | |
| (ഡി) | നവകേരള മിഷന്റെ മുഖമുദ്രയായ ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളും പൂർത്തീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ നയം. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 170 ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 504 ആരോഗ്യ സ്ഥാപനങ്ങളെ തിരഞ്ഞെടുത്ത് ഇവിടങ്ങളിൽ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ കഴിയുന്നതാണ് എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ